**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1813** **12-09-2023 - ൽ മറുപടിയ്ക്ക്**

**പരമ്പരാഗത ബിരുദകോഴ്സുകളുടെ സ്വീകാര്യത വർധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. പ്രമോദ് നാരായൺ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർവ്വകലാശാലകളിൽ അഫിലിയേറ്റ് ചെയ്ത കോളേജുകളിൽ പരമ്പരാഗത ബിരുദ കോഴ്സുകളിലേക്കുള്ള അഡ്മിഷനുകളുടെ എണ്ണം കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ആർട്സ് & സയൻസ് കോളേജുകളിലെ ബിരുദ പ്രവേശനം അവസാനിച്ചതിനുശേഷം എഞ്ചിനീയറിങ്, മെഡിക്കൽ /ഫാർമസി കോഴ്സുകളിലും സെൻട്രൽ യൂണിവേഴ്സിറ്റികളിലും പ്രവേശനം നേടുന്നതിനായി വിദ്യാർത്ഥികൾ ടി.സി. വാങ്ങി പോകുന്നത് സംസ്ഥാനത്തെ സർവകലാശാലകളിൽ അഫിലിയേറ്റ് ചെയ്ത കോളേജുകളിലെ ബിരുദ കോഴ്സുകളിലേക്കുള്ള അഡ്മിഷനുകളുടെ എണ്ണത്തിൽ കുറവ് വരുന്നതിന് കാരണമായിട്ടുണ്ട് . |
| (ബി) | പ്രസ്തുത കോഴ്സുകളിലേക്ക് കുട്ടികളെ ആകർഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | ബിരുദ , ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ കരിക്കുലം കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും ,ബിരുദ പ്രോഗ്രാമുകൾ 2024---25 അധ്യയന വർഷം മുതൽ നാല് വർഷ ബിരുദ പ്രോഗ്രാമുകളാക്കി മാറ്റുന്നതിനുമുള്ള നടപടി സ്വീകരിച്ചു വരുന്നു .സർവകലാശാലകൾ വിവിധ പ്രോഗ്രാമുകളെ OBEഅടിസ്ഥാനപ്പെടുത്തി പരിഷ്കരിച്ചിട്ടുണ്ട് .വിദ്യാർത്ഥികളുടെ സൗകര്യാർത്ഥം വിവിധ സേവനങ്ങൾ ഓൺലൈൻ ആയി നൽകുന്നതിന് സർവ്വകലാശാലകൾ നടപടി സ്വീകരിച്ചിട്ടുണ്ട് .സേവനങ്ങൾ വേഗത്തിലും കൃത്യതയോടെയും നൽകുന്നതിന് സർവ്വകലാശാലകളിൽ ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| (സി) | പരമ്പരാഗത ബിരുദ കോഴ്സുകൾക്കൊപ്പം നൂതന തൊഴിലധിഷ്ഠിത കോഴ്സുകളോ മൊഡ്യൂളുകളോ സമാന്തരമായി പഠിക്കുന്നതിന് അവസരം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | നിലവിലെ യു.ജി.സി ചട്ടപ്രകാരം നിബന്ധനകളോടുകൂടി വിദ്യാർത്ഥികൾക്ക് ഒരേ സമയം ഒന്നിൽ കൂടുതൽ റഗുലർ /ഓൺലൈൻ കോഴ്സുകൾ പഠിക്കാൻ അനുമതി നൽകിയിട്ടുണ്ട്. പുതിയ തൊഴിൽ അധിഷ്ഠിത കോഴ്സുകളിൽ നിന്നും, ഓൺലൈൻ കോഴ്സുകളിൽ നിന്നും ക്രെഡിറ്റുകൾ ആർജ്ജിക്കാൻ വിദ്യാർത്ഥികൾക്ക് അയവുള്ള |

| | | | |
|---|---|---|---|
| | | | സമീപനമാണ് 4 വർഷ ബിരുദ കരിക്കുലം ചട്ടക്കൂട് മുന്നോട്ട് വയ്ക്കുന്നത്. നാലുവർഷ ബിരുദ കോഴ്സുകളിലെ ഫൗണ്ടേഷൻ കോഴ്സുകളും ഇത്തരമൊരു സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ